**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4449 26-06-2014 -ൽ മറുപടിക്ക്

**കണ്ടൽ ജൈവവേലി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി.മമ്മൂട്ടി** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | കടലാക്രമണത്തിൽ നിന്ന് സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ജൈവ വൈവിദ്ധ്യപോഷണം തുടങ്ങിയ ബഹുമുഖ നേട്ടങ്ങൾ കൈവരിക്കാനാകുന്ന കടൽത്തീര കണ്ടൽ ജൈവവേലി സംബന്ധിച്ച ഒരു പഠനനിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ ഏജൻസിക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | ലഭിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ അതിന്മേൽ ഇതേവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ; | ബി) | പ്രസ്തുത നിർദ്ദേശത്തിന്മേൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഗവേഷണ വിഭാഗമായ HVRA Cell ശാസ്ത്രീയമായി അവലോകനം നടത്തി സമർപ്പിച്ച റിപ്പോർട്ട് മേൽ നടപടി സ്വീകരിക്കുന്നതിനായി വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| സി) | മലയോരത്തെ പാറ വൻതോതിൽ പൊട്ടിച്ച് കടൽഭിത്തി നിർമ്മിച്ച് അത് കടൽക്ഷോഭത്തിൽ തകർന്നടിയുന്ന ദുരന്തം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും വമ്പിച്ച സാമ്പത്തിക നഷ്ടവും ഒഴിവാക്കാൻ കണ്ടൽ ജൈവവേലി എന്ന ആശയം സ്വീകരിക്കുമോ? | സി) | ജൈവവേലികൾക്ക് കേരളത്തിലെ മുഴുവൻ തീരപ്രദേശത്തും തീരശോഷണം തടയുവാൻ സാധിക്കില്ല എന്നാണ് പഠനത്തിൽ നിന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുളളത്. ഏതെല്ലാം മേഖലകളിൽ ജൈവവേലികൾ പ്രായോഗികമാണ് എന്ന് ഒരു സമഗ്രമായ പഠനം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെയും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെയും നേതൃത്വത്തിൽ നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജൈവവേലികൾ സ്ഥാപിക്കുവാൻ വേണ്ടുന്ന നിർദ്ദേശം പ്രസ്തുത വകുപ്പുകൾക്ക് നൽകണം എന്നും ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ